ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 27.02.2026**

## പ്രധാനവാർത്തകൾ

RNUTVPM

1. വ്യാവസായിക പ്രക്രിയകൾക്കുള്ള നടപടികൾ ലളിതമാക്കിയതിലൂടെ വികസിത ഭാരതം എന്ന ലക്ഷ്യത്തിന് കേന്ദ്ര ബജറ്റ് ഊർജം പകർന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

2. കേരളത്തിൽ കൂടുതൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.

3. 'ദി കേരള സ്റ്റോറി 2 - ' സിനിമയുടെ റിലീസ് തടഞ്ഞ കേരള ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവ് ഡിവിഷൻ ബെഞ്ച് സ്റ്റേ ചെയ്തു.

4. ഊർജ സംരക്ഷണ മികവിനുള്ള സംസ്ഥാന സർക്കാരിൻറെ പുരസ്കാരം തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിന്.

5. സംസ്ഥാനത്തെ തൊഴിലാളികളുടെ കഴിവും ഉത്പാദനക്ഷമതയും പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ നൽകുന്ന തൊഴിലാളി ശ്രേഷ്ഠ പുരസ്കാരം മന്ത്രി വി ശിവൻകുട്ടി തിരുവനന്തപുരത്ത് വിതരണം ചെയ്തു.

6. ഐ.സി.സി പുരുഷ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിലെ സൂപ്പർ 8 മത്സരത്തിൽ ഇന്ന് ഇംഗ്ളണ്ട് - ന്യൂസിലാൻഡ് പോരാട്ടം.

***********

## പി എം വെബിനാ ർ

വ്യാവസായിക പ്രക്രിയകൾക്കുള്ള നടപടികൾ ലളിതമാക്കുകയും , സാങ്കേതികവിദ്യക്ക് ഊന്നൽ നൽകുകയും ചെയ്യതിലൂടെ വികസിത ഭാരതം എന്ന ലക്ഷ്യത്തിന് കേന്ദ്ര ബജറ്റ് ഊർജം പകർന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. സാങ്കേതികവിദ്യ, പരിഷ്ക്കാരങ്ങൾ, ധനകാര്യം എന്ന വിഷയത്തിൽ നടക്കുന്ന ബജറ്റാനന്തര വെബിനാറിനെ വീഡിയോ കോൺഫറൻസിംഗിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

***********

## പി എം-സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ രാജസ്ഥാനും ഗുജറാത്തും സന്ദർശിക്കും. രാവിലെ രാജസ്ഥാനിലെ അജ്മീറിൽ 16,000 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും അദ്ദേഹം നിർവഹിക്കും. ഗർഭാശയമുഖ അർബുദം തുടങ്ങിയവ തടയുന്നതിനായി 14 വയസ്സുള്ള പെൺകുട്ടികൾക്കായുള്ള HPV വാക്സിനേഷൻ യജ്ഞത്തിനും തുടക്കം കുറിക്കും. ഉച്ചയ്ക്ക് ശേഷം ഗുജറാത്തിലെത്തുന്ന പ്രധാനമന്ത്രി, സാനന്ദിൽ സെമികണ്ടക്ടർ അസംബ്ലി, ടെസ്റ്റ് ആൻഡ് പാക്കേജിംഗ് കേന്ദ്രം ഉദ്ഘാടനം ചെയ്യും.

***********

## ഫ്യൂച്ചർ സ്കിൽ സെൻ്റർ

കേരളത്തിൽ കൂടുതൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപി. കേരളത്തിലെ ആദ്യത്തെ ഫ്യൂച്ചർ സ്കിൽ സെൻ്റർ അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജിൽ

PIU TVPM

ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. നിർമിത ബുദ്ധിയും ഓട്ടോമേഷനും ആഗോള ഭൂപ്രകൃതിയെ തന്നെ പുനർനിർമ്മിക്കുമ്പോൾ ഫ്യൂചർ സ്കിൽ ലാബുകൾ പോലുള്ള സംരംഭങ്ങൾ യുവതയെ ഉന്നത ശ്രേണിയിലെ തൊഴിലിനായി സജ്ജമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

***********

## കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്

കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് നാളെ തിരുവനന്തപുരം ആക്കുളത്തെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി കാമ്പസിലെ ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ് സൗകര്യത്തിന്റെ നിർമ്മാണോദ്ഘാടനം നിർവഹിക്കും. RE-COMBINANT സെല്ലുകൾക്കും സെൻസറുകൾക്കുമുള്ള ദേശീയ സംവിധാനം അദ്ദേഹം നാടിനു സമർപ്പിക്കും. ചടങ്ങിൽ, ശാസ്ത്ര ദിന പരിപാടിയും കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്യും.

***********

## ശബരിമല

ശബരിമല സ്വർണഅപഹരണ കേസിൽ തിരുവാഭരണം മുൻ കമ്മീഷണർ കെ എസ് ബൈജുവിന് ജാമ്യം .ദ്വാരപാലക ശില്പ കേസിലാണ് കൊല്ലം വിജിലൻസ് കോടതി സ്വാഭാവിക ജാമ്യം അനുവദിച്ചത് .കട്ടിള പാളി കേസിൽ നേരത്തെ ജാമ്യം ലഭിച്ചിരുന്നു .കെ എസ് ബൈജു ഇന്ന് ജയിൽ മോചിതനാകും.

***********

## കേരള സ്റ്റോറി

'ദി കേരള സ്റ്റോറി 2 - ' സിനിമയുടെ റിലീസ് തടഞ്ഞ കേരള ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവ് ഡിവിഷൻ ബെഞ്ച് സ്റ്റേ ചെയ്തു. ജസ്റ്റിസുമാരായ സുശ്രുത് അരവിന്ദ് ധർമ്മാധികാരിയും പി.വി. ബാലകൃഷ്ണനും അടങ്ങുന്ന ബെഞ്ചിന്റേതാണ് ഉത്തരവ്. രണ്ടാഴ്ചയ്ക്ക് ശേഷം കേസ് വീണ്ടും പരിഗണിക്കും. 15 ദിവസത്തേക്ക് സിനിമയുടെ റിലീസ് സ്റ്റേ ചെയ്ത സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ നിർമ്മാതാവ് വിപുൽ അമൃത്‌ലാൽ ഷാ സമർപ്പിച്ച ഹർജിയിലാണ് ഡിവിഷൻ ബെഞ്ചിന്റെ വിധി.

***********

RNU TVPM

## ആറ്റുകാൽ പൊങ്കാല, വാട്ടർ അതോറിറ്റി

ആറ്റുകാൽ പൊങ്കാല പ്രമാണിച്ച് കേരള വാട്ടർ അതോറിറ്റി കൺട്രോൾ റൂം തുറന്നു. വിളിക്കേണ്ട നമ്പർ- 91-88 12 79 47. വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ വിപുലമായ ക്രമീകരണങ്ങളും ഏർപ്പെടുത്തി. വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതിനായി വാട്ടർ അതോറിറ്റി ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ നേതൃത്വത്തിൽ പൊങ്കാല കഴിയുന്നത് വരെ പ്രത്യേക സംഘങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

***********

## ശ്രീപത്മനാഭ സ്വാമിക്ഷേത്രം-ആറ്റുകാൽ പൊങ്കാല (ഇൻട്രോ)

ശ്രീപത്മനാഭ സ്വാമിക്ഷേത്ര പരിസരത്ത് പതിപ്പിച്ചിട്ടുള്ള ഗ്രാനൈറ്റുകളിൽ ഭക്തർ ആറ്റുകാൽ പൊങ്കാല ഇടരുതെന്ന നിർദേശവുമായി ക്ഷേത്രം അധികൃതർ. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി മോടി പിടിപ്പിച്ചത് ആയതിനാൽ ആണ് നിർദേശം.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...**

**(വോയിസ്)**

RNU TVPM

***********

## ആറ്റുകാൽ പൊങ്കാല

ആറ്റുകാൽ പൊങ്കാല കഴിഞ്ഞ് മടങ്ങുന്ന തീർത്ഥാടകർക്കായി തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ ഇത്തവണ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. സ്റ്റേഷനിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിലാണ് യാത്രക്കാരുടെ പ്രവേശനത്തിന് മാറ്റം വരുത്തിയിരിക്കുന്നത്. പവർ ഹൗസ് റോഡിലെ കവാടത്തിലൂടെ ഇത്തവണ സ്റ്റേഷനിലേക്ക് പ്രവേശനം അനുവദിക്കില്ല.

***********

## തിരുവനന്തപുരം രാജ്യാന്തര വിമാനത്താവള

ഊർജ സംരക്ഷണ മികവിനുള്ള സംസ്ഥാന സർക്കാരിന്റെ പുരസ്കാരം തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിന്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ 0.9 മില്യൺ യൂണിറ്റ്

വൈദ്യുതി ഉപയോഗം കുറച്ചതുൾപ്പെടെയുള്ള നേട്ടങ്ങൾ പരിഗണിച്ചാണ് പുരസ്കാരം. ഒരു ലക്ഷം രൂപയും ഫലകവും അടങ്ങുന്ന പുരസ്കാരം മന്ത്രി വി.ശിവൻകുട്ടി സമ്മാനിച്ചു.

***********

## പാലക്കാട് വലിയങ്ങാടി വികസന പദ്ധതി (ഇൻട്രോ)

കേന്ദ്ര സഹായത്തോടെയുള്ള 140 കോടി രൂപയുടെ പാലക്കാട് വലിയങ്ങാടി വികസന പദ്ധതിക്ക് നഗരസഭാ യോഗം അംഗീകാരം നൽകി.വിശദ പദ്ധതി റിപ്പോർട്ട് മാർച്ചിന് മുൻപ് കേന്ദ്രത്തിനു സമർപ്പിച്ച് പ്രവൃത്തി ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്.....**

**(വോയിസ്)**

***********

## ആറളം

കണ്ണൂർ ആറളം ഫാമിൽ കാട്ടാനയുടെ ആക്രമണത്തിൽ ഒരാൾ മരിക്കാനിടയായ സംഭത്തിൽ പ്രദേശത്ത് പ്രതിഷേധം തുടരുന്നു. മരിച്ച അനീഷിന്റെ മൃതദേഹം പരിയാരം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിന്ന് പോസ്റ്റ്മോർട്ടത്തിനു ശേഷം വൈകിട്ടോടെ ഫാമിലെത്തിച്ചപ്പോൾ പ്രദേശവാസികൾ തടഞ്ഞു. ഫാമിലെ കാട്ടാന ശല്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടാണ് പ്രതിഷേധവുമായി നാട്ടുകാർ രംഗത്തെത്തിയത്. അനീഷിന്റെ കുടുംബത്തിന് മുഴുവൻ നഷ്ടപരിഹാര തുകയും ആവശ്യമായ സഹായവും ഉടൻ നൽകുമെന്നും മന്ത്രി എ കെ ശശീന്ദ്രൻ പറഞ്ഞു.

***********

## ഇടുക്കി ഇൻട്രോ)

കേരള പോലീസിലെ ആദ്യ നർക്കോട്ടിക് സ്നിഫർ ഡോഗ് 'ബ്രൂസ്' എന്ന നീലി ഔദ്യോഗികമായി പടിയിറങ്ങി. ഇടുക്കിയിലെ ലഹരി മാഫിയയുടെ ഉറക്കം കെടുത്തിയ 11 വർഷത്തെ വീരോചിതമായ സേവനത്തിന് ശേഷമാണ് ഈ വിരമിക്കൽ. എന്നാൽ ഷെൽട്ടർ ഹോമിലേക്കല്ല നീലിയുടെ യാത്ര; മറിച്ച് തൻ്റെ പ്രിയപ്പെട്ട സംരക്ഷകൻ രഞ്ജിത്ത് മോഹനൊപ്പം തൊടുപുഴയിലെ വീട്ടിലേക്കാണ്.

RNU TVPM

ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...

(വോയിസ്)

***********

## തൊഴിലാളി ശ്രേഷ്ഠ പുരസ്ക്കാരം

സംസ്ഥാനത്തെ വിവിധ മേഖലകളിലെ തൊഴിലാളികളുടെ കഴിവും ഉത്പാദനക്ഷമതയും പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നൽകുന്ന തൊഴിലാളി ശ്രേഷ്ഠ പുരസ്കാരം ഇന്ന് മന്ത്രി വി ശിവൻകുട്ടി തിരുവനന്തപുരത്ത് വിതരണം ചെയ്യു. ഇരുപത് മേഖലകളിലെ തൊഴിലാളികളെയാണ് 2024 ലെ തൊഴിലാളി ശ്രേഷ്ഠ പുരസ്കാരത്തിന് പരിഗണിച്ചത്.

***********

## ഐ.സി.സി പുരുഷ ട്വൻറി-20

ഐ.സി.സി പുരുഷ ട്വൻറി-20 ലോകകപ്പ് ക്രിക്കറ്റിലെ സൂപ്പർ 8 മത്സരത്തിൽ ഇംഗ്ളണ്ട് ഇന്ന് ന്യൂസിലാൻഡിനെ നേരിടും. കൊളംബയിലെ ആർ. പ്രേമദാസ സ്റ്റേഡിയത്തിൽ രാത്രി 7 മണിക്കാണ് മത്സരം.

RNU TVPM

***********

## പശ്ചിമ ബംഗാൾ അന്തിമ വോട്ടർ പട്ടിക

പശ്ചിമ ബംഗാളിലെ അന്തിമ വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കും. സുപ്രീം കോടതി നിർദ്ദേശപ്രകാരമാണ് നടപടിയെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. നിലവിൽ 7 കോടി എട്ട് ലക്ഷം വോട്ടർമാരാണ് പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്. 58 ലക്ഷത്തോളം പേരെ പട്ടികയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

***********

## തീവ്ര വോട്ടർ പട്ടിക

സംസ്ഥാനത്ത് ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായി തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേര് ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ ECINET മൊബൈൽ ആപ്പ് വഴിയോ ബന്ധപ്പെട്ട ബൂത്ത് ലെവൽ ഓഫീസർ വഴിയോ അപേക്ഷിക്കാം.

തിരഞ്ഞെടുപ്പിനായി നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെയാണ് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവസരമുള്ളത്.

***********

## <u>സുപ്രീം കോടതി-പശ്ചിമ ബംഗാൾ</u>

പശ്ചിമ ബംഗാളിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് നിയമിച്ചിരിക്കുന്ന ജുഡീഷ്യൽ ഓഫീസർമാർക്കുള്ള പരിശീലന മൊഡ്യൂളിനെ എതിർത്ത സംസ്ഥാന സർക്കാർ തീരുമാനത്തോട് വിയോജിച്ച് സുപ്രീം കോടതി. SIR വോട്ടർ പട്ടികയിൽ നിന്ന് നീക്കം ചെയ്യപ്പെടുന്നവരുടെ 80 ലക്ഷത്തോളം വരുന്ന പരാതികൾ കൈകാര്യം ചെയ്യാൻ ജാർഖണ്ഡ്, ഒഡീഷ എന്നിവിടങ്ങളിൽ നിന്നുള്ള ജുഡീഷ്യൽ ഓഫീസർമാരെ കൂടി നിയോഗിക്കാൻ ചൊവ്വാഴ്ച സുപ്രീം കോടതി അനുമതി നൽകിയിരുന്നു.

***********

******

***

RNU TVPM